# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3089** 10.12.2018- ൽ മറുപടിക്ക്

**പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാത**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ പൂർത്തിയായി; ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാകാനുള്ളത്; പ്രസ്തുത നടപടികൾ പൂർത്തിയാക്കി പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് പറയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പുനരുദ്ധാരണ നടപടികൾ എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണത്തിനായി വിശദമായ രൂപരേഖ M/s. L&T Infra Engineering, Chennai എന്ന കൺസൾട്ടന്റ് നിലവിലെ റോഡിന്റെ സ്ഥിതി അനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ട്. പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക 695.57 കോടി രൂപയാണ്.

(ബി) പുതുക്കിയ രൂപരേഖ അനുസരിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാറുകാരനെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ഇവ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എഞ്ചിനീയറിംഗ് പ്രൊക്യുർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇപിസി) മാതൃകയിൽ 3 പാക്കേജുകളിലായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

1. പുനലൂർ (00+000) മുതൽ കോന്നി (29+840) വരെ - 29.84 കി.മി
2. കോന്നി (29+840) മുതൽ പ്ലാച്ചേരി (60+000) വരെ - 30.16 കി.മി
3. പ്ലാച്ചേരി (60+000) മുതൽ പൊൻകുന്നം (82+173) വരെ - 22.17 കി.മി

S. Bindu
സെക്ഷൻ ഓഫീസർ